# ഇമാം അഹ്മദ്(رحمه الله)

അഹ്മദുബ്നു മുഹമ്മദ് ഇബ്നു ഹമ്പൽ അൽ ശൈബാനി എന്നാണ് മുഴുവൻ പേര്. ഹിജ്റ 164ൽ ബാഗ്ദാദിലാണ് ജനനം.

അനാഥനായി ജനിച്ച ഇമാമവറുകളുടെ വളർച്ചയിൽ ഉമ്മയുടെ ശിക്ഷണം വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശാം, ഹിജാസ്, യമൻ പോലുള്ള പ്രദേശങ്ങളിലെ ഒട്ടുമിക്ക പണ്ഡിതൻമാരിൽ നിന്നും അദ്ദേഹം ഹദീസിൽ അവഗാഹം നേടി. ഇമാം ശാഫിഈ(رحمه الله)യിൽ നിന്നാണ് ഫിഖ്ഹ് കരസ്ഥമാക്കിയത്. 'അഹ്ലുസ്സുന്നത്തി വൽ ജമാഅത്തി'ന്റെ ഇമാം എന്ന അപരനാമത്തിൽ അഹ്മദ്(رحمه الله) അറിയപ്പെടുന്നു.

മുസ്നദ്, കിതാബുൽ അഅ്മാൽ, കിതാബുത്തഫ്സീർ, കിതാബുന്നാസിഖ് വൽ മൻസൂഖ്, കിതാബുസ്സാഹിദ്, കിതാബുൽ മസാഇൽ, കിതാബുൽ ഫദാഇൽ തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങളിലൂടെ ഇസ്ലാമിന്റെ പ്രകാശം പരത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. സുന്നത്ത് ശേഖരിക്കുന്നതിലും അത് മുറുകെ പിടിക്കുന്നതിലും ഇമാമുകളുടെ കൂട്ടത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നയാളാണ് അദ്ദേഹം. എത്രത്തോളമെന്നാൽ, ''അനുമാനങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ രചിക്കുന്നത് അദ്ദേഹം വെറുത്തിരുന്നു.''[1] അതിനാൽ അദ്ദേഹം പറഞ്ഞു:

''നിങ്ങൾ എന്നെ തഖ്ലീദ് ചെയ്യരുത്. അതുപോലെതന്നെ മാലികിനെയോ ശാഫിഈയെയോ, ഔസാഈയെയോ, ഥൗരിയെയോ (തഖ്ലീദ് ചെയ്യരുത്). അവർ എവിടെനിന്നും എടുത്തുവോ അവിടെനിന്ന് തന്നെ നിങ്ങളും എടുക്കുക''[2]. മറ്റൊരു റിപ്പോർട്ടിൽ: ''ദീനിൻെറ കാര്യത്തിൽ ഇവരിൽ ആരെയും നീ തഖ്ലീദ് ചെയ്യരുത്. നബി(ﷺ)യിൽനിന്നും അവിടത്തെ അനുചരന്മാരിൽ നിന്നും എന്തൊന്ന് വന്നുകിട്ടിയോ, അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. പിന്നെ താബിഉകൾ. അതിനുശേഷം ഒരുവന് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്''. ഒരിക്കൽ അദ്ദേഹം പറഞ്ഞു: ''പിൻപറ്റുക (ഇത്തിബാഅ്) എന്ന് പറഞ്ഞാൽ അത് നബി(ﷺ)യിൽനിന്നും സ്വഹാബികളിൽനിന്നും വന്നുചേർന്നത് പിൻപറ്റലാണ്. പിന്നീട്, താബിഉകൾക്ക് ശേഷം അവന്ന് തെരഞ്ഞെടുക്കാം''

''ഔസാഈയുടെ അഭിപ്രായം, മാലികിന്റെ അഭിപ്രായം, അബൂഹനീഫയുടെ അഭിപ്രായം-അവയെല്ലാം (വെറും) അഭിപ്രായങ്ങളാണ്. എന്റെയടുക്കൽ അവയെല്ലാം സമമാണ്. തെളിവ് (പ്രവാചകന്റെയും സ്വഹാബികളുടെയും) ഉദ്ധരണികളിലാണ്''[3]

''റസൂലി(ﷺ)ന്റെ വചനങ്ങളെ തള്ളിക്കളയുന്നവൻ നാശത്തിന്റെ വക്കിലാണ്''[4]

ഹിജ്റ 241ലാണ് മഹാനവറുകളുടെ മരണം.

(സമ്പാദനം: സലഫീവോയ്സ് ടീം)

---

[1] *അൽ ഹാരിഥ് ഇബ്നു അബീഉസാമ (176–282): മുസ്നദ് സവാഇദു; കയ്യെഴുത്തുപ്രതി.*

[2] *അബൂ ഇസ്ഹാഖ് അൽ ഹർബി, ഇബ്രാഹീം ഇബ്നു ഇസ്ഹാഖ് (198–285): ഗരീബ് അൽ-ഹദീഥ്; കയ്യെഴുത്തുപ്രതി*

[3] *മുഹമ്മദ് ഇബ്നു നസ്ർ (202–294): ഖിയാം അല്ലൈൽ; മത്ബഅ രിഫാ ആമ്മ്, ലാഹോർ, 1320*

[4] *ഇബ്നു ഖുസൈമ (223–311): സ്വഹീഹ്; അൽ മക്തബ് അൽ ഇസ്ലാമി*